02
കേരളകൗമുദി
വാരാന്ത്യ
കൗമുദി
2013 ആഗസ്റ്റ് 11 ഞായർ

**പത്ത് രാജ്യങ്ങളിലൂടെ ഒഴുകുകയാണ് ഡാന്യൂബ് നദി. ഓരോ രാജ്യത്ത് എത്തുമ്പോഴും ഈ നദിക്ക് ഓരോ പേരുണ്ട്. ഈ നദികളെച്ചൊല്ലി വിവിധ രാജ്യങ്ങളിൽ ശീതസമരം നിലനിൽക്കുകയാണ്**



# ഡാന്യൂബ് ശാന്തമായി ഒഴുകുന്നു

**കാരൂർ സോമൻ** (ലണ്ടൻ)

പത്തു രാജ്യങ്ങൾ പങ്കിട്ടെടുക്കുന്ന ഒരു നദി, അതാണ് ഡാന്യൂബ്. വോൾഗ നദി കഴിഞ്ഞാൽ യൂറോപ്പിലെ ഏറ്റവും വലിയ രണ്ടാമത്തെ നദി. ഈ നദിയുടെ രണ്ടു കരകൾക്കും രണ്ടു ജീവിതമാണ്, രണ്ടു സംസ്കാരമാണ്. രണ്ടു സ്വപ്നങ്ങളും സങ്കൽപ്പങ്ങളുമാണ്. അതിനു നടുവിൽ ഒരു നേർരേഖ പോലെ വിശ്വാസങ്ങളുടെ ജലരേഖയായി ഡാന്യൂബ്. ഡാന്യൂബിനെ എവിടെ നിന്നു നോക്കുമ്പോഴാണ് കൂടുതൽ ഭംഗി എന്നറിയില്ല. എങ്കിലും ഓരോ രാജ്യത്ത് നിന്നു നോക്കുമ്പോഴും ഓരോ ഭാവമാണ് ഇതിന്.

സർപ്പസൗന്ദര്യമാണ് റൊമേനിയയിലെങ്കിൽ വശ്യസൗന്ദര്യമാണ് വിയന്നയിൽ. കരിങ്കടലിൽ പതിക്കുമ്പോൾ ദുർവാസാവിനെ പോലെയും. മഞ്ഞുകാലത്ത് മൂടിപുതച്ചു കിടക്കുന്ന വാതരോഗി, വേനൽകാലത്ത് മദാലസയുടെ മദഭാവം. ജർമ്മനിയിലെ ബ്ലാക്ക് ഫോറസ്റ്റിലെ കറുത്ത മലമടക്കുകളിൽ നിന്ന് മെല്ലെ തുടങ്ങി പിന്നീട് രൗദ്രഭാവത്തോടെ വിവിധ രാജ്യങ്ങളെ വെട്ടിമുറിച്ച് മുന്നേറുകയാണ് ഡാന്യൂബ്. ജർമനിയിലെന്നല്ല, ഒരിടത്തും ഇതിനെ ഡാന്യൂബ് എന്നു വിളിക്കുന്നില്ല എന്ന വിരോധാഭാസത്തിൽ തുടങ്ങുന്നു ഈ നദിയുടെ കഥയും. പഞ്ചപാണ്ഡവന്മാർ പാഞ്ചാലിയെ പങ്കിട്ടെടുത്തതു പോലെയായിരുന്നു യൂറോപ്യൻ രാജ്യങ്ങൾ ഡാന്യൂബിനെ അനുഭവിച്ചത്. ജർമനിയിലെ ബ്രിഗാച്, ബ്രെഗ് എന്നീ ഇരട്ട നദികളാണ് പിന്നീട് ഡാന്യൂബായി വളരുന്നത്. കിഴക്കുദിശയിലാണ് സഞ്ചാരം, അത് ഒന്നും രണ്ടുമല്ല, കൃത്യമായി പറഞ്ഞാൽ 2850 കിലോമീറ്റർ (1771 മൈൽ) സഞ്ചരിച്ച് ഉക്രൈനിലും റൊമേനിയയിലുമായി സ്ഥിതിചെയ്യുന്ന ഡാന്യൂബ് ഡെൽറ്റ വഴി ഒടുവിൽ കരിങ്കടലിലേക്കു പതിക്കുന്നു. ഇതാണ് ഡാന്യൂബിന്റെ നിയോഗം.



റൊമേനിയയിലൂടെയാണ് ഡാന്യൂബ് ഏറ്റവും കൂടുതൽ ദൂരം ഒഴുകുന്നത്. നദിയുടെ 28.9 ശതമാനവും ഇവിടെ തന്നെ. എന്നാൽ ഓസ്ട്രിയയാണ് ഏറ്റവും ഭാഗ്യവതി എന്നു പറയാം. ലോകത്തിലെ തന്നെ സുന്ദരനഗരങ്ങളിലൊന്നായ വിയന്ന ഡാന്യൂബിന്റെ തീരത്താണ് സ്ഥിതി ചെയ്യുന്നത്. കാണാൻ ഓസ്ട്രിയ ഏറെ സുന്ദരമാണെങ്കിലും ഇവിടുത്തെ മറ്റ് ഒമ്പത് സംസ്ഥാനങ്ങളെ അപേക്ഷിച്ച് വിയന്നയ്ക്ക് പൊട്ടുകുത്തുന്നത് ഡാന്യൂബാണ്. വിയന്നയുടെ ഇപ്പോഴത്തെ ജനസംഖ്യ 17 ലക്ഷത്തിന്റെ പകുതിയോളം ഇന്നും ഡാന്യൂബിനെ ആശ്രയിക്കുന്നു, ഒരു സ്വകാര്യത പോലെ അനുഭവിക്കുന്നു. സാംസ്കാരികവും സാമ്പത്തികവും രാഷ്ട്രീയ കേന്ദ്രവുമായി വിയന്ന ലോകത്തിന്റെ നെറുകയിലേക്ക് ഉയരുമ്പോൾ ഇവിടെ ഡാന്യൂബ് സ്വച്ഛന്ദമായി ഒഴുകുകയാണ്. ഇതൊന്നും തന്നെ ബാധിക്കുകയേയില്ലെന്ന രീതിയിൽ. ജനസംഖ്യയുടെ കാര്യത്തിൽ യൂറോപ്യൻ യൂണിയനിലെ ഏറ്റവും വലിയ പത്താമത്തെ നഗരമാണ് വിയന്ന എന്നു കൂടി അറിഞ്ഞാലോ ഡാന്യൂബിന്റെ പ്രാധാന്യം മനസ്സിലാകൂ.

ഡാന്യൂബിനു ജന്മം നൽകുന്നത് ജർമ്മനിയാണെങ്കിലും ഇവിടെ ഇതിന്റെ പേര് പോലും വ്യത്യസ്തമാണ്. ഡാന്യൂബ് ജർമനിക്കാർക്ക് ഡോനോയാണ്, വിയന്നയിലും അങ്ങനെ തന്നെ. നദിയുടെ വെറും 7.5 ശതമാനം മാത്രമാണ് ജർമനയിലൂടെ കടന്നു പോവുന്നതും. ജർമനിയിലെ വനനിബിഡമായ പൊക്കം കുറഞ്ഞ മലനിരകൾക്കിടയിലൂടെ ഒഴുകുന്ന ഡാന്യൂബിൽ ഒരു കുരുന്നിന്റെ കുസൃതി കാണാം. കുസൃതിയും പിണക്കവും പൊട്ടിക്കരച്ചിലും വാശിയുമുള്ള ഒരു കൊച്ചു കുട്ടിയുടെ വൈകാരികത ഇവിടെ പ്രകടം.

കിഴക്കുവടക്ക് ദിശയിലൊഴുകുന്ന ഡാന്യൂബ് സ്വാബിയൻ ജൂറാ മുറിച്ചു കടന്ന് ബവേറിയ സമതലത്തിലേക്ക് പ്രവേശിച്ച് ഓസ്ട്രിയ കടന്ന് സ്ലൊവാക്യയിലെത്തുമ്പോൾ കഥ മാറുന്നു. റീജൻസ്ബർഗിൽ വച്ച് കിഴക്ക് തെക്കുകിഴക്ക് ദിശ സ്വീകരിക്കുന്ന ഡാന്യൂബ് പസോയിൽ വച്ചാണ് ഓസ്ട്രിയയിലേക്ക് ടിക്കറ്റെടുക്കുന്നത്. തുടർന്ന് ബൊഹിമിയൻ മലനിരകൾക്കും (വടക്ക്) ആൽപ്സിന്റെ വടക്കേയറ്റത്തുള്ള മലനിരകൾക്കും (തെക്ക്) ഇടയിലൂടെ കടന്നൊഴുകുകയാണ് ഈ ജലറാണി. ഇവിടെ നിന്ന് ഹംഗറി (11.7%), ക്രോയേഷ്യ (4.5%), സെർബിയ (10.3%), റോമേനിയ (28.9%), ബൾഗേറിയ (5.2%), മൊളൊഡോവ (1.7%), ഉക്രെയിൻ (3.8 %) എന്നിങ്ങനെ പത്തുരാജ്യങ്ങൾ പങ്കിട്ടെടുക്കുന്ന ഡാന്യൂബ് കരിങ്കടലിൽ പതിക്കുമ്പോൾ തള്ളപ്പെടുന്നത് ടൺ കണക്കിനു ജലമാലിന്യങ്ങൾ കൂടിയാണ്. ലോകത്തിൽ മുപ്പതാം സ്ഥാനത്താണ് ഡാന്യൂബിനു സ്ഥാനമെങ്കിലും ഇത്രയധികം രാജ്യങ്ങളെ സേവിക്കുന്നുവെന്നതിൽ ലോകത്തിലെ മൂന്നാമത്തെ നദിയാണിത്. ആ ക്രെഡിറ്റിന്റെ തലയെടുപ്പും ഡാന്യൂബിൽ പ്രകടം. ലോകത്തിലെ ഏറ്റവും വലിയ നദിയായ നൈലിനും കോംഗോ നദിക്കും പിന്നിൽ മാത്രമാണ് ഇക്കാര്യത്തിൽ ഡാന്യൂബ്. നീളത്തിന്റെ കാര്യത്തിൽ ഡാന്യൂബിനെക്കാൾ തൊട്ടു മുന്നിലുള്ളത് നമ്മുടെ ബ്രഹ്മപുത്രയാണെന്നതിൽ ഇന്ത്യക്കാർക്കും അഭിമാനിക്കാം.

വനനിബിഡമായ ഭൂപ്രകൃതിയും ചരിത്രാവശിഷ്ടങ്ങൾ ചിതറിക്കിടക്കുന്ന കുന്നിൻപുറങ്ങളും കടന്നാണ് പലേടത്തും ഡാന്യൂബിന്റെ സഞ്ചാരം. ബൊഹീമിയൻ മലനിരകൾ കടന്നാൽ ഡാന്യൂബിനെ സ്വീകരിക്കുന്നത് ചതുപ്പു സമതലങ്ങളാണ്. ഇവിടെ പ്രണയാവേശയായ യൗവനമാണ് ഡാന്യൂബിന്. അത്രമേൽ സ്വച്ഛന്ദവും മൃദുലവുമായാണ് ഡാന്യൂബ് ഇവിടെ മന്ദം മുന്നേറുന്നത്. താഴ്വാരങ്ങളുടെ വീതി കൂടുകയും ചതുപ്പ് പ്രദേശം വ്യാപൃതമാവുകയും ചെയ്യുന്നിടത്ത് ഡാന്യൂബ് നിരവധി നദികളെന്ന പോലെ വിഭജിക്കപ്പെടുന്നു. വീണ്ടും, വീടു വിട്ടു പോയ മക്കൾ വീട്ടിലേക്ക് തിരിച്ചെത്തുന്നതു പോലെ ഒരു നദിയായി രൂപാന്തരപ്പെട്ടു തെക്കോട്ടൊഴുകി ഹംഗേറിയൻ മഹാസമതലത്തിൽ പ്രവേശിക്കുന്നു. ഇങ്ങനെ വ്യത്യസ്തങ്ങളായ ഭാവങ്ങളെയും സംസ്കാരങ്ങളെയും തൊട്ടുതലോടി കടന്നു പോകുന്ന ഡാന്യൂബിന് പക്ഷേ ഒരിടത്തും സ്വന്തം പേരു നിലനിർത്താനാവുന്നില്ലെന്നത് വലിയൊരു വെല്ലുവിളിയാണെന്നു പറയേണ്ടി വരും. ഇംഗ്ലീഷിലെ ഡാന്യൂബ് എന്ന പേർ ഒരു രാജ്യത്തും ഉപയോഗിക്കുന്നില്ല. ജർമനിയിലും ഓസ്ട്രിയയിലും ‘ഡോനോ’, സ്ലോവാക്യയിൽ ‘ഡ്യൂനജ്’, യുഗോസ്ലേവിയാ ബൽഗേറിയ എന്നിവിടങ്ങളിൽ ‘ഡ്യൂനോ’, റൂമേനിയയിൽ ‘ഡൂനറിയ’ തുടങ്ങിയ ഇരട്ട പേരുകളിലാണ് ഡാന്യൂബ് പ്രശസ്തം. പത്തു രാജ്യങ്ങൾ പകുത്തെടുത്തെങ്കിലും ഡാന്യൂബ് മറ്റ് പല രാജ്യങ്ങളെയും ജലസമൃദ്ധമാക്കുന്നുണ്ട്. ഡാന്യൂബിന്റെ നീർത്തടങ്ങൾ മറ്റ് ഒമ്പത് രാജ്യങ്ങളിലേക്കും വിസ്തൃതപ്പെട്ടിട്ടുണ്ട്. ഒരു നദി എന്ന നിലയിൽ തനിക്ക് ചെയ്യാവുന്നതെല്ലാം ചെയ്തിട്ടാണ് ഡാന്യൂബ് കരിങ്കടലിലേക്ക് വീഴുന്നത്. ഇറ്റലി, പോളണ്ട്, സ്വിറ്റ്സെർലാന്റ്, ചെക്ക് റിപ്പബ്ലിക്ക്, സ്ലൊവേനിയ, ബോസ്നിയ ആന്റ് ഹെർസെഗൊവിനിയ, മോണ്ടിനാഗ്രോ, റിപ്പബ്ലിക് ഓഫ് മാസിഡോണിയ, അൽബേനിയ എന്നീ രാജ്യങ്ങൾ ഡാന്യൂബിന്റെ ജലസമൃദ്ധിയുടെ പങ്ക് പറ്റുന്നുണ്ട്.

നദീതീരത്തെ വിവിധ രാജ്യങ്ങൾ തമ്മിൽ ഇപ്പോഴുമുണ്ട് ശീതസമരം. ഡാന്യൂബിനെ മറ്റു യൂറോപ്യൻ നദികളുമായി ബന്ധിപ്പിക്കുന്ന രണ്ടു പ്രധാന പദ്ധതികൾ നിലവിലുണ്ട്. ഡാന്യൂബിനെ റൈനുമായി ബന്ധിപ്പിക്കുന്ന പദ്ധതിയാണ് ഇതിലൊന്ന്. രണ്ടാമത്തേത് ഒരു കനാൽ മാർഗം നദിയെ പോളണ്ടിലെ ഓഡർ താഴ്വരയുമായി ബന്ധിപ്പിക്കുന്നതുമാണ്. ഒരു രാജ്യത്തിനു ഡാന്യൂബിനു മേൽ അവകാശമില്ലാത്തതു കൊണ്ട് ഇന്റർനാഷണൽ മാരിടൈം ഏജൻസിക്കാണ് ഡാന്യൂബിന്റെ മേൽനോട്ടം. എന്നാൽ ഒന്നാം ലോക മഹായുദ്ധ സമയത്ത് ജർമനി ഇതു പിടിച്ചെടുത്തു. 1949ൽ ഡാന്യൂബ് കമ്മീഷൻ രൂപീകരിച്ചതോടെ വീണ്ടും പഴയപടിയായി. ഇതിനോടനുബന്ധിച്ച് ‘അയൺ ഗേറ്റ്’നും, ‘മാരിറ്റൈം’ ഭാഗങ്ങൾക്കുമായി പ്രത്യേക ഭരണ സംവിധാനങ്ങൾ നിലവിൽവന്നു. ഓസ്ട്രിയ, ബൾഗേറിയ, ഹംഗറി, റുമേനിയ, റഷ്യ, സ്ലോവാക്യ, ഉക്രെയ്ൻ സെർബിയ, ബോസ്നിയ ഹെർസെഗോവിന ,ക്രൊയേഷ്യ എന്നീ രാജ്യങ്ങളുടെ പ്രതിനിധികൾ ഉൾപ്പെട്ടതാണ് കമ്മീഷൻ. ഇവരാണ് ഡാന്യൂബിലെ ഗതാഗത പ്രശ്നങ്ങൾക്ക് ഏകീകൃത സ്വഭാവം നൽകുന്നത്. തുടക്കം മുതൽ ഒടുക്കം വരെ ഒരു വിദേശപര്യടനം പോലെയാണ് ഡാന്യൂബ് ഒഴുകുന്നതെങ്കിലും ഈ നദിയുടെ ഒരു കരയിൽ നിന്നാലും ഇതൊരു പുഴയാണെന്നു തോന്നുകയേയില്ല. യൂറോപ്പിന്റെ സമസ്ത സൗന്ദര്യവും നിറയുന്ന ജലസാമ്രാജ്യമാണ് ഡാന്യൂബ്. ഒരു രാജ്യത്തിനും സ്വന്തമല്ലാത്ത, എന്നാൽ എല്ലാവർക്കും അവകാശപ്പെട്ട ഡാന്യൂബ്. അതാണ് ഈ നദിയുടെ കഥയും സംസ്കാരവും.



## കവിത

# അദ്വൈതം



അമൃത

ആത്മബോധം ഉദിക്കുന്നത്,
ജ്വലിക്കുന്ന അഗ്നിനാളം പോലെ-
യാണ് ചിലപ്പോൾ.
പൊടുന്നനേ,
ഹൃദയതമസ്സിൽ തെളിഞ്ഞ്,
തീക്ഷ്ണപ്രഭയോടെയുയർന്ന്,
പിന്നെ, കുറച്ചിട-
നിഷ്പന്ദമായി നിൽക്കുന്നു.
അതിന്റെ ചൂട്ടും വെളിച്ചവും
ആത്മാവിലും ജീവകോശങ്ങളിലും-
പടർന്നു നിറയുന്നു.
ചിലപ്പോഴത്-
സൗമ്യമായ് പെയ്യുന്ന പുലരിമഞ്ഞു പോലെ,
ചെറുകുളിരോടെ,
ആകവേ പൊതിയുന്നു
ആർദ്രമായ സ്നേഹം പോലെ,
ആത്മാവിൽ നിറഞ്ഞ്,
പുതുകാഴ്ചകളിലേക്ക്-
സഹസ്രനയനങ്ങൾ വിടർത്തുന്നു.
ഇവയിലേതായിരിക്കാം-
ചെമ്പഴന്തിയിലെ ഉൺമ?
രണ്ടുമൊന്നു ചേർന്നതാവാം.
കാരണം,
ഗുരുദേവ വചനങ്ങൾ,
അത്രമേൽ നമ്മെ പൊള്ളിക്കുന്നു;
ഒപ്പം തണുപ്പിക്കുന്നു.

